**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 509** **25-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ രംഗത്ത് സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ രംഗത്ത് സമഗ്ര പുരോഗതിയെന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങൾ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ആത്മവിശ്വാസം വളർത്തുന്നതിന് സഹായകമായിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്, കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.<br><br>2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന്, പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷവും 6മാസവും (3½വർഷം) ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" നൽകുന്നു. അങ്ങനെ ലഭിക്കുന്ന സാക്ഷ്യപത്രത്തിന് മൂന്ന് വർഷവും 6 മാസവും കാലാവധിയുണ്ട്. ഈ കാലയളവിനുള്ളിൽ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികൾ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ |

വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.

2021 ലെ കേരളാ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ആക്ട് പ്രകാരം സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും എന്ന് കൂട്ടിചേർത്തിട്ടുണ്ട്. പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ അംഗീകാരം ഒരിക്കൽ നൽകി കഴിഞ്ഞാൽ ആയത് നൽകിയ തീയതി മുതൽ 5 വർഷ കാലയളവിലേക്ക് അതിന് സാധുത ഉണ്ടായിരിക്കുന്നതും അംഗീകാരം ലഭിച്ച് ഒരു വർഷത്തിനകം ഓരോ ഇതര വ്യവസായ സ്ഥാപനവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ബന്ധപ്പെട്ട ആക്ടുകളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട്, ഒരു സാക്ഷ്യപത്രം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കേണ്ടതും പ്രസ്തുത അംഗീകാരം പുതുക്കുന്നത് ആവശ്യമായി വരുന്ന സംഗതികളിൽ, പ്രസ്തുത അംഗീകാരം അവസാനിക്കുന്നതിന് 3 മാസം മുമ്പ് ആയത് പുതുക്കുന്നതിനായി ഒരു അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ഓൺലൈനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ആയത് പുതുക്കി നൽകേണ്ടതുമാണ്.

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. MSME-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. MSME നൽകുന്ന വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 5000 രൂപ) റീഇംബേഴ്സ്മെന്റ് ആയി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ആണ് നടപ്പിലാക്കുന്നത്.

2022-23സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ

പഞ്ചായത്തിലും ശരാശരി 250-ൽ പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ് മുതൽക്കേ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭകസഭ" എന്ന പേരിൽ നടത്തി വരുന്നു.

സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം, 2023 സ.ഉ (കൈ) നം 28/2023/ID തീയതി 01/04/2023 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഉത്തരവായിട്ടുണ്ട്.

വ്യവസായ രംഗത്ത് സമഗ്ര പുരോഗതിയെന്ന ലക്ഷ്യത്തോടെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ സംരംഭകരുടെ ആത്മവിശ്വാസം വളർത്തുന്ന തിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്.

സംരഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ്

പേഴ്സണൽമാരെ നിയമിക്കുകയും ചെയ്തു. ഇത് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടത്തി വരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു സഹായകരമാകുന്നുണ്ട്. സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

സംരംഭകരുടെ ആത്മവിശ്വാസം വളർത്തുന്നതിന് ചുവടെ ചേർക്കുന്ന വിവിധ പദ്ധതികളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പാക്കി വരുന്നു.

**1. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി.**

**2. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്**

**3. ഗാല പദ്ധതി**

**4. സംരംഭക സഹായ പദ്ധതി (ESS)**

**5. ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

**6. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി**

**7. നിലവിലുള്ള എം.എസ്.എം,ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി**

**8.തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)**

**9. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

**10. കേരള വ്യവസായ നയം 2023 പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന സബ്സിഡി പദ്ധതികൾ.**

**11. കരകൗശല തൊഴിലാളികൾക്കുള്ള സഹായ പദ്ധതി (ആശ).**

| | | | |
|---|---|---|---|
| | | | **12. സ്വകാര്യ കശുവണ്ടി മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ് പദ്ധതി (Revival Rejuvenation and Resurrection of Private Cashew Industry Sector) 2852-08-600-75 (P)**<br><br>**13 Scheme for Assistance for Capital Grants and Interest Subvention to Small and Medium Cashew Factory Units for Rebuilding Lost Livelihood.**<br><br>**14. എം.എസ്.എം.ഇ ഇൻഷുറൻസ് പദ്ധതി** |
| (ബി) | പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചുവരുന്ന സംരംഭങ്ങൾക്ക് ശരാശരി നൂറ് കോടി രൂപ വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | രൂപീകരിച്ചിട്ടുണ്ട്, കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന 1000 സംരംഭങ്ങളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള സംരംഭങ്ങളായി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയായ മിഷൻ 1000 പദ്ധതി നടപ്പിലാക്കുന്നത്. വസ്തുനിഷ്ഠവും, സുതാര്യവുമായ തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് സംരംഭങ്ങളെ മിഷൻ 1000 പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നത്. നിലവിൽ 292 സംരംഭങ്ങളെ ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.<br><br>ഉത്പാദന/സേവനമേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും, കുറഞ്ഞത് 3 വർഷം പൂർത്തീകരിച്ചതും SCALE UP MISSION ൽ നിന്നും വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സൂക്ഷ്മ -ചെറുകിട - ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. യൂണിറ്റിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ ഒരു പ്രോജക്റ്റ് റിപ്പോർട്ട് ആയി തയ്യാറാക്കേണ്ടതും ആയതിനു ജില്ലാതല കമ്മിറ്റി യുടെ അനുമതി നേടേണ്ടതുമുണ്ട്. ഇപ്രകാരം അനുമതി ലഭിച്ച പ്രവർത്തനങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക. വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ട് പ്രകാരം അനുമതി ലഭിച്ച 4 വർഷ കാലയളവിൽ നടത്തുന്ന വിപുലീകരണ പ്രവർത്തനങ്ങൾ ക്കാണ് പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹതയുള്ളത്. പദ്ധതി പ്രകാരം ഒരു യൂണിറ്റിനു പദ്ധതി നിബന്ധനകൾക്ക് വിധേയമായി രണ്ടു കോടി അമ്പത്തി ഒന്ന് ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നു .<br><br>ഈ പദ്ധതി പ്രകാരം താഴെപറയുന്ന ആനുകൂല്യങ്ങളാണ് നൽകുന്നത്. |

| | | | |
|---|---|---|---|
| | | | a. വിപുലീകരണ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഫീസ് പൂർണ്ണമായും റീ ഇംബേഴ്സ് ചെയ്ത് നൽകുന്നു. പരമാവധി ഒരു ലക്ഷം രൂപ വരെ ഇപ്രകാരം നൽകുന്നു.<br><br>b. പദ്ധതി പ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപ വരെ Fixed Capital Investment Subsidy-ആയി നൽകുന്നു.<br><br>c. പ്രവർത്തന മൂലധന സഹായം ആയി ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ പലിശയിളവ് നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും തെരഞ്ഞെടുക്കപ്പെടുന്ന സംരംഭങ്ങൾക്ക് എന്തെല്ലാം തരത്തിലുള്ള പിന്തുണയാണ് സർക്കാർ ഉറപ്പ് നൽകുന്നതെന്നും വിശദീകരിക്കുമോ? | (സി) | സ്കെയിൽ അപ്പ് മിഷനിലേക്ക് (മിഷൻ 1000) തെരഞ്ഞെടുക്കപ്പെടുന്നതിന് സംരംഭങ്ങൾക്ക് ആവശ്യമായ മുൻകൂർ യോഗ്യതകൾ:<br><br>1. ഉദ്യം രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം<br>2. അപേക്ഷ സമർപ്പിക്കുന്ന തീയതിയിൽ, കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തിച്ചിരിക്കണം<br>3. ഉത്പാദന മേഖലയിലോ സേവന മേഖലയിലോ ഉള്ള സംരംഭങ്ങൾ ആയിരിക്കണം<br><br>മിഷൻ 1000 പദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കാൻ mission1000.industry.kerala.gov.in എന്ന ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. ഈ പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകളിൽ നിന്നും നിക്ഷേപങ്ങൾ, വാർഷിക വിറ്റു വരവുകൾ, ലാഭം, ശേഷിവിനിയോഗം, കയറ്റുമതി, ജീവനക്കാരുടെ എണ്ണം, പ്രമോട്ടർമാരുടെ CIBIL സ്കോർ, സംരംഭത്തിന് ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംരംഭങ്ങളെ റാങ്ക് ചെയ്യുകയും, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന തല കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള ചുരുങ്ങിയ സ്കോർ ലഭിക്കുന്ന സംരംഭകരെ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്യുന്നു.<br><br>തിരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:<br><br>1. മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടി രൂപ) |

| | | | |
|---|---|---|---|
| | | | 2. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷം രൂപ വരെ)<br>3. സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് 1 ലക്ഷം രൂപ വരെ)<br>4. തെരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ അവരെ സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കും |

സെക്ഷൻ ഓഫീസർ